<u>**പതിനാലാം കേരള നിയമസഭ**</u>

<u>**പതിനഞ്ചാം സമ്മേളനം**</u>

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ** **17.06.2019-ൽ മറുപടിയ്ക്ക്.**

**ചോദ്യം നമ്പർ 2676**

# <u>ക്ഷീരമേഖലയിൽ സ്വയം പര്യാപ്തത</u>

| <u>**ചോദ്യം**</u> | <u>**ഉത്തരം**</u> |
|---|---|
| **ശ്രീ.പി.കെ.ബഷീർ** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനം ക്ഷീരമേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കാൻ ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | (എ) ക്ഷീരോല്പാദനമേഖല ആദായകരവും സുസ്ഥിര വരുമാനദായകവുമാക്കി സ്വയംപര്യാപ്തത നേടുകയെന്ന ലക്ഷ്യത്തോടെ താഴെ പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്.<br>1) മിൽക്ക്ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതി<br>2) തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ<br>3) ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം<br>4) ഹീഫർ പാർക്ക്<br>5) ക്ഷീരഗ്രാമം<br>6) ക്ഷീരസംഘങ്ങൾക്കുള്ള സഹായപദ്ധതികൾ<br>7) പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ<br>8) ക്ഷീരകർഷകർക്കുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ<br>9) സമഗ്ര ഇൻഷ്വറൻസ് പദ്ധതി<br>10) ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, ചികിത്സാ സഹായം, അപകടമരണ സഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ്, ക്ഷീരകർഷക അവാർഡുകൾ തുടങ്ങിയവ നടപ്പിലാക്കി വരുന്നു.<br>ഇതേ ലക്ഷ്യത്തോടെ മൃഗസംരക്ഷണ വകുപ്പ് ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു.<br>1) ഇന്ററസ്റ്റ് സബ്-വെൻഷൻ സ്കീം<br>2) ഗോവർദ്ധിനി-കന്നുകുട്ടി പരിപാലന പദ്ധതി<br>3) സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി (ഗോസമൃദ്ധി)<br>4) വെറ്ററിനറി സേവനം<br>5 ) ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കൽ പദ്ധതി<br>6 ) മാതൃകാ മൃഗസംരക്ഷണ ഗ്രാമങ്ങൾ<br>7) ഊർജ്ജിത കന്നുകാലി വികസന പദ്ധതി |

(ബി) അന്യ സംസ്ഥാനങ്ങളിൽ നിന്നും മിൽമ മുഖേനയും മറ്റ് ഏജൻസികൾ വഴിയും എത്ര ലിറ്റർ പാൽ ദിവസേന കൊണ്ടുവരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) അന്യസംസ്ഥാനങ്ങളിൽ നിന്നും മിൽമ മുഖേന പ്രതിദിനം 47,000 ലിറ്ററും മറ്റ് ഏജൻസികൾ വഴി 8.50 ലക്ഷം ലിറ്റർ പാലും സംസ്ഥാനത്തേക്ക് കൊണ്ടുവരുന്നുണ്ട്.

(സി) അന്യ സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കാൻ സംസ്ഥാന അതിർത്തികളിൽ ലാബ് സംവിധാനമുണ്ടോ; എങ്കിൽ എത്ര ലാബുകൾ പ്രസ്തുത ആവശ്യത്തിന് നിലവിലുണ്ട് എന്ന് അറിയിക്കുമോ;

(സി) ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് നിലവിൽ മീനാക്ഷിപുരം (പാലക്കാട്), ആര്യങ്കാവ് (കൊല്ലം) എന്നീ അതിർത്തി പ്രദേശങ്ങളിൽ സംവിധാനമുണ്ട്. തിരുവനന്തപുരം പാറശാലയിൽ അതിർത്തി പാൽ പരിശോധന ചെക്ക് പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഒരു ദിവസം എത്ര ലിറ്റർ പാൽ അതിർത്തി കടന്നെത്തുന്നുവെന്നും ഇതിൽ എത്ര ലിറ്റർ പാൽ ഗുണമേന്മ പരിശോധനയ്ക്ക് വിധേയമാകുന്നുണ്ട് എന്നും വ്യക്തമാക്കുമോ;

(ഡി) 10.25 ലക്ഷം ലിറ്റർ പാൽ പ്രതിദിനം അതിർത്തി കടന്നെത്തുന്നുണ്ട്. ഇതിൽ 5.45 ലക്ഷം ലിറ്റർ പാൽ പ്രതിദിനം പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്.

(ഇ) മിൽക്ക് ഷെഡ് പദ്ധതിയിലൂടെ 2016-19 കാലയളവിൽ സംസ്ഥാനത്ത് എത്ര പശുക്കളെ വിതരണം ചെയ്തു; ജില്ല തിരിച്ച് അറിയിക്കാമോ; ഇതിന് കർഷകരെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

(ഇ) മിൽക്ക്ഷെഡ് പദ്ധതിയിലൂടെ 2016-19 കാലയളവിൽ സംസ്ഥാനത്ത് വിതരണം ചെയ്ത പശുക്കളുടെ എണ്ണം

| ജില്ല | 2016-17 | 2017-18 | 2018-19 | GRAND TOTAL |
|---|---|---|---|---|
| തിരുവനന്തപുരം | 483 | 857 | 476 | 1816 |
| കൊല്ലം | 1609 | 866 | 483 | 2958 |
| പത്തനംതിട്ട | 266 | 352 | 420 | 1038 |
| ആലപ്പുഴ | 362 | 620 | 516 | 1498 |
| കോട്ടയം | 394 | 485 | 301 | 1180 |
| ഇടുക്കി | 358 | 445 | 346 | 1149 |
| എറണാകുളം | 725 | 352 | 629 | 1706 |
| തൃശ്ശൂർ | 415 | 698 | 649 | 1762 |
| പാലക്കാട് | 425 | 610 | 304 | 1339 |
| മലപ്പുറം | 279 | 282 | 347 | 908 |
| കോഴിക്കോട് | 320 | 516 | 349 | 1185 |
| വയനാട് | 281 | 240 | 192 | 713 |
| കണ്ണൂർ | 319 | 423 | 379 | 1121 |
| കാസർഗോഡ് | 304 | 317 | 215 | 836 |
| **ആകെ** | **6540** | **7063** | **5606** | **19209** |

കർഷകരെ മിൽക്ക്ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയ്ക്കായി തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

- പശുവളർത്തലിൽ താല്പര്യമുള്ള യുവതീ യുവാക്കൾക്ക് പരിഗണന
- വനിതാ കർഷകർക്ക് മുൻഗണന

- വിധവകൾക്കും / SHG ഗ്രൂപ്പ് അംഗങ്ങൾക്കും പ്രത്യേക പരിഗണന
- ക്ഷീരസംഘങ്ങളിൽ അംഗമായിരിക്കുന്നവർക്ക് പരിഗണന
- തൻസാമ്പത്തികവർഷത്തിലെ വകുപ്പിന്റെ ഭരണാനുമതി പ്രകാരവും ഉള്ള വ്യവസ്ഥകളും നിബന്ധനകളും അംഗീകരിക്കാൻ സന്നദ്ധരായ അപേക്ഷകർക്ക് മുൻഗണന
- 3 വർഷം ഈ മേഖലയിൽ തുടർന്നുകൊണ്ട് ഫാം നടത്തുന്നതിന് സന്നദ്ധരായ അപേക്ഷകർക്ക് പരിഗണന.

**സെക്ഷൻ ഓഫീസർ**